DR. M. O. CHERIAN: Has there been any difference of opinion between the members of the Managing Agency and the Government Representative at any time during the management

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. ഇപ്പോൾ വലിയ അഭിപ്രായവ്യത്യാസമില്ല.

MR. PAUL THALIATH : പത്തുരൂപാ വിലയുള്ള ഷയറിനു ഇപ്പോൾ എന്തു വിലയാണുള്ളതു്.

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ അന്വേഷിച്ചിട്ടില്ല.

MR. PAUL THALIATH : ഗവണ്മെൻറിൽനിന്നും ധാരാളം ഷെയർ കാശ് എടുത്തിരിക്കെ അതു ഗവണ്മെൻറു് അറിഞ്ഞിരിക്കേണ്ടതല്ലേ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ അന്വേഷിച്ചിട്ടില്ല. എന്നാൽ തീർച്ചയായും അതിൻെറ രണ്ടിരട്ടിയോ, മൂന്നിരട്ടിയോ കൂടുതൽ ആണെന്നാണു തോന്നുന്നതു്.

പൊതുജനാഭിപ്രായം.

*597. MR. K. VELAYUDHAN NAIR *(Chananachery II—General)* : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സഭയും മറുപടി പറയുമോ?

വ്യാവസായിക വായ്പകൾ കൊടുക്കുന്നതിനു മുമ്പായി അതിനെപ്പറ്റി പൊതുജനങ്ങളിൽ ആക്ഷേപമുള്ളതായി അന്വേഷിക്കുന്ന പരസ്യങ്ങൾ ഗസറിലും പത്രങ്ങളിലും പ്രസിദ്ധം ചെയ്യുന്ന പതിവുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

Purchase of chassis.

*598. MR. PAUL THALIATH: Will the Hon'ble Minister for Transport be pleased to state.

(*a*) the number of chassis purchased by Mr. Ramamurthi now lying useless in the Alwaye garage .

(*b*) the total cost incurred for the same ; and

(*c*) the number of such chassis which were never used since brought to the garage ?

HON'BLE MR. K. R. ELANKATH :

(എ) ൪ൻ

(ബി) ആകെ വില ൪ൻറ്റ്രൻസ്വ രൂപാ

(സി) ൪ൻ

MR. PAUL THALIATH : ഈ ബസ്സുകൾ ഇതുവരെയും ഉപയോഗിച്ചിട്ടില്ലേ ?

HON'BLE MR. K. R. ELANKATH : ഇല്ലാ. അതു് ഉപയോഗശൂന്യമായി കിടക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNAR GOPALA NAIR : എന്നാൽ അവയെ വിൽക്കരുതോ?

HON'BLE MR. K. R. ELANKATH : അതിന്റെ ആവശ്യം ബോദ്ധ്യമായിട്ടില്ല. കൂടെ സ്പെയർ പാർട്ട്സ് വാങ്ങിക്കുകയാണെങ്കിൽ അതു് ഉപയോഗപ്രദമാക്കാവുന്നതാണ്. സ്പെയർ പാർട്ട്സിനു ആർഡർ കൊടുത്തിട്ടുണ്ടു്.

MR. P. T. CHACKO : ഇതിലെ നഷ്ടപരിഹാരത്തിനുവേണ്ടി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : എടുത്തിട്ടുള്ളതായി അറിവില്ല.

Forest Industries Travancore Ltd.

599. MR. PAUL THALIAT : Will the Hon'ble Minister for Industries be pleased to state:

(a) the total amount invested by Government in the shares of the Forest Industries Travancore Ltd. with the dates of each such investments.

(b) whether Government have received any dividend so far and if so the total amount thus received ; and

(c) Whether Government Directors have submitted any report on the working of this company and if so will he be pleased to place the same on the table ?

HON'BLE MR. T. K. NARAYANA PILLAI :

(എ) ൧൯-൪-൧൯൪൯ ൧൫,൬൩,൦൦൦ രൂപാ. ആ കണക്കിൽ നിന്നു ൫,൩൩,൫൦൦ രൂപാ സാധാരണ ഓഹരിയുടെ വകയിൽ വകവച്ചു കൊടുത്തിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഇല്ല.

MR. PAUL THALIATH : ഗവണ്മെന്റു് പ്രതിനിധി ആ കമ്പനിയിൽ ഉണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെന്റു പ്രതിനിധികളായി രണ്ടുപേർ ഉണ്ടു്.

MR. PAUL THALIATH : അവർ അന്വേഷണം നടത്തി റിപ്പോർട്ടു വല്ലതും ഇതുവരെ സമർപ്പിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : രേഖാമൂലമായ റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ ആ കമ്പനിയിൽ ഗവണ്മെന്റിനെ പ്രതിനിധികരിക്കുന്ന ഇൻഡസ്ട്രിയൽ ലെയിസൻ ആഫീസറും കാൻസർവേറ്റർ ആഫ് ഫാറസ്റ്റും ആ കമ്പനിയിലെ കാര്യങ്ങൾ അപ്പോഴപ്പോൾ ഗവണ്മെന്റിനെ അറിയിച്ചു കൊണ്ടിരിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly